കേരളാ കൈരളി ടൈംസ്

WWW.KERALATIMES.COM

news@keralatimes.com

OCTOBER 2025 EDITION

ഐ.പി.സി.എൻ.എ എഡിസൺ മാധ്യമസമ്മേളനം സമാപിച്ചു: മൂന്ന് ദിവസങ്ങളോളം നീണ്ട മാധ്യമവേദിയിൽ നൂറുകണക്കിന് മലയാള മാധ്യമപ്രവർത്തകർ പങ്കെടുത്തു



എഡിസൺ (ന്യൂജേഴ്സി): ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ)യുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമസമ്മേളനം എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ വിജയകരമായി സമാപിച്ചു. മൂന്ന് ദിവസങ്ങളിലായി നടന്ന മാധ്യമ ചർച്ചകൾക്കും സെഷനുകൾക്കും കലാപരിപാടികൾക്കും കൊടിയിറക്കി. അമേരിക്കയിലുടനീളമുള്ള മലയാള മാധ്യമപ്രവർത്തകരുടെയും കേരളത്തിൽ നിന്നെത്തിയ രാഷ്ട്രീയ–മാധ്യമ പ്രതിനിധികളുടെയും സാന്നിധ്യം സമ്മേളനത്തിന് പുതുമയും പ്രഭാവവും പകർന്നു.

ഒക്ടോബർ 9 വ്യാഴാഴ്ച വൈകുന്നേരം ആറുമണിയ്ക്ക് ആരംഭിച്ച സമ്മേളനം 11 ശനിയാഴ്ച വൈകുന്നേരം സമാപിച്ചു. ഇന്ത്യയിലെ മികച്ച പാർലമെന്റേറിയൻ പുരസ്കാരം നേടിയ കൊല്ലം എം.പി. എൻ.കെ. പ്രേമചന്ദ്രൻ സമ്മേളനത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ, റാന്നി എം.എൽ.എ. പ്രമോദ് നാരായൺ എന്നിവർ മൂന്നു ദിവസങ്ങളിലുടനീളമായി സജീവ സാന്നിധ്യമായിരുന്നു.

കേരളത്തിൽ നിന്നുള്ള പ്രമുഖ മാധ്യമപ്രവർത്തകരായ കുര്യൻ പാമ്പാടി, ജോണി ലൂക്കോസ് (മനോരമ ന്യൂസ്), അബ്ജോദ് വർഗീസ് (ഏഷ്യാനെറ്റ് ന്യൂസ്), ഹാഷ്മി താജ് ഇബ്രാഹിം (24 ന്യൂസ്), സുജയ പാർവതി (റിപ്പോർട്ടർ ചാനൽ), മോത്തി രാജേഷ് (മാതൃഭൂമി ടി.വി.), ലീൻ ബി. ജെസ്മസ് (ന്യൂസ് 18) എന്നിവർ മാധ്യമരംഗത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.



ഐ.പി.സി.എൻ.എയുടെ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, പ്രസിഡൻറ് ഇലക്ട് (2026-27) രാജു പള്ളത്ത്, വൈസ് പ്രസിഡൻറ് അനിൽ കുമാർ ആറന്മുള, ജോ. സെക്രട്ടറി ആഷാ മാത്യു, ജോ. ട്രഷറർ റോയ് മുളകുന്നം എന്നിവരുടെ നേതൃത്വത്തിലാണ് സമ്മേളനം സംഘടിപ്പിച്ചത്.



ഒക്ടോബർ 10 വെള്ളിയാഴ്ച സംഘടിപ്പിച്ച പ്രസിഡൻഷ്യൽ നൈറ്റ്, മ്യൂസിക്കൽ ഗാലാ, നൃത്തോത്സവം തുടങ്ങിയവ കലാവിരുന്നുകൾക്ക് തിളക്കം പകർന്നു. പ്രമുഖ നർത്തകരുടെ പ്രകടനങ്ങൾ സമ്മേളന വേദിയെ നിറച്ചുനിറച്ചു.

സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായി കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം, ജനറൽ കൺവീനർ ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്) എന്നിവരുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയ കോർ കമ്മിറ്റി അംഗങ്ങൾ അഹോരാത്രം പ്രവർത്തിച്ചു. റിസപ്ഷൻ/റജിസ്ട്രേഷൻ വിഭാഗം: ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോ. തങ്കമണി അരവിന്ദ്; ഗസ്റ്റ് റിലേഷൻസ്: അനിയൻ ജോർജ്, ജിനേഷ് തമ്പി; ടൈം മാനേജ്മെന്റ്: റെജി ജോർജ്, ജോർജ് തുമ്പയിൽ; പ്രോഗ്രാം: ടാജ് മാത്യു; ഫുഡ് കമ്മിറ്റി: മധു കൊട്ടാരക്കര, സുനിൽ തൈമറ്റം; ട്രാൻസ്പോർട്ടേഷൻ: പിന്റോ ചാക്കോ, അനീഷ് ജെയിംസ്; സെക്യൂരിറ്റി: ജിഷോ; സുവനീർ: മാത്തുക്കുട്ടി ഈശോ; ഓഡിയോ വിഷ്വൽ: ജില്ലി സാമുവേൽ എന്നിവർ നിർണായക പങ്കുവഹിച്ചു.

ഏഷ്യാനെറ്റ് ന്യൂസ്, കൈരളി ചാനൽ, 24 യു.എസ്.എ, മനോരമ ന്യൂസ്, മാതൃഭൂമി ന്യൂസ്, ദി മലയാളം ചാനൽ, ഫ്ളവേഴ്സ് യു.എസ്.എ, ഇമലയാളീ.കോം, നേർകാഴ്ച ന്യൂസ്, റിപ്പോർട്ടർ ലൈവ്, ഇൻഡ്യ ലൈഫ് ടി.വി., എൻ.ആർ.ഐ. റിപ്പോർട്ടർ, പ്രവാസി ചാനൽ, ന്യൂസ് 18 കേരളം, മീഡിയ വൺ, ജനം ടി.വി., മലയാളം ട്രിബ്യൂൺ, അമേരിക്കൻ മലയാളി, മലയാളം ഡെയിലി ന്യൂസ്, യു.എസ്. വീക്കിലി റൗണ്ട് അപ്, ഹാർവെസ്റ്റ് ടി.വി., കേരള ടൈംസ്, ഷിജോസ് ട്രാവൽ ഡയറി, കേരള ഭൂഷണം, കെ.വി.ടി.വി., അബ്ബ ന്യൂസ്, ജനനി, പവർ വിഷൻ, മലയാളി മനസ് തുടങ്ങിയ മലയാള മാധ്യമങ്ങൾ സമ്മേളനത്തിന് പിന്തുണയും ആശംസകളും നൽകി.

മാധ്യമരംഗത്തെ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും പുതിയ തലമുറയ്ക്ക് പ്രചോദനമായ വേദിയുമാവുകയും ചെയ്ത ഐ.പി.സി.എൻ.എ എഡിസൺ മീഡിയ കോൺഫറൻസ്, പ്രവാസി മലയാളികളുടെ മാധ്യമചരിത്രത്തിൽ മറ്റൊരു തിളക്കമേറിയ അദ്ധ്യായമായി.

11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

ഇന്ദിരക്ക് കിട്ടിയതിലും വലിയ പിന്തുണ രാഹുൽ ഗാന്ധിക്ക്; കോൺഗ്രസ് വിജയപാതയിൽ : വി.കെ. ശ്രീകണ്ഠൻ എം.പി.

കോങ്കേഴ്സ്, ന്യൂയോർക്ക്: ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ ശക്തിപ്പെടുത്താൻ എല്ലാ ഊർജ്ജവും വിനിയോഗിക്കുമെന്ന് ഉറപ്പു നൽകിയ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് അംഗങ്ങൾക്കു നന്ദി രേഖപ്പെടുത്തി പാലക്കാട് എം.പി. വി.കെ. ശ്രീകണ്ഠൻ. മുൻകാലങ്ങളിൽ അത്ര ആവശ്യമുണ്ടായിരുന്നില്ലെങ്കിലും, ഇനിയുള്ള എല്ലാ അസംബ്ലി മണ്ഡലങ്ങളിലേക്കും അമേരിക്കയിലെ പ്രവാസികളിൽ നിന്നുള്ള ശക്തമായ പിന്തുണ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു.

ഐ.ഒ.സി. കേരളം ചാപ്റ്ററുകൾ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ കെ.പി.സി.സി. സെക്രട്ടറിയും നെന്മാറ കോളേജിന്റെ മുൻ പ്രിൻസിപ്പാളുമായ ഭാര്യ കെ. തുളസിയും, കൊള്ള എം.പി. എൻ.കെ. പ്രേമചന്ദ്രനും പങ്കെടുത്തു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പരിപാടിക്കായി എത്തിയതോടൊപ്പം ഓവർസീസ് കോൺഗ്രസ് ഭാരവാഹികളെ കാണാനും വിവിധ സംസ്ഥാനങ്ങ ളിലേക്കും യാത്ര ചെയ്യാനുമാണ് തീരുമാനിച്ചതെന്നും ശ്രീകണ്ഠൻ വ്യക്തമാക്കി.
കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം രാജ്യം ഇപ്പോൾ പ്രതിസന്ധിയിലാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഭരണഘടനാ മൂല്യങ്ങളും അവകാശങ്ങളും അധികാരങ്ങളും ദുർബലപ്പെടുത്തപ്പെടുന്ന സാഹചര്യം വളരെയധികം ആശങ്കാജനകമാണെന്നും അദ്ദേഹം പറഞ്ഞു. വർഗീയതയും മതീയതയും രാഷ്ട്രീയത്തിലേക്ക് കടന്നുവരുമ്പോൾ രാജ്യത്തിന്റെ ഐക്യം ഭീഷണിയിലാകുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

"ഒരു പാർട്ടി മാത്രം ജയിക്കുകയും ഭരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ സാഹചര്യം ജനാധിപത്യത്തിനും ഭരണഘടനയ്ക്കും അപകടകരമാണ്. ഇപ്പോഴുള്ള ഭരണകക്ഷി ഐക്യത്തിനല്ല, മറിച്ച് വിഭജനവാദത്തിനും വർഗീയതയ്ക്കും കൂട്ടുനിൽക്കുകയാണ്. മതേതരത്വം ദിനംപ്രതി തകരുകയാണ്," ശ്രീകണ്ഠൻ പറഞ്ഞു.
അദ്ദേഹം വ്യക്തമാക്കി: ഇന്ത്യ എല്ലാമതങ്ങളെയും വിശ്വാസങ്ങളെയും ഉൾക്കൊള്ളുന്ന രാജ്യമാണ്; വ്യക്തിസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം എന്നിവയാണ് അതിന്റെ പാരമ്പര്യം. എന്നാൽ ഭരണഘടനാ സ്ഥാപനങ്ങളെയും മാധ്യമരംഗത്തെയും ദുർബലപ്പെടുത്തുന്ന അവസ്ഥയിൽ ജനാധിപത്യം വലിയ വെല്ലുവിളി നേരിടുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.
ബീഹാറിൽ അനധികൃതമായി 45 ലക്ഷം വോട്ടർമാരെ നീക്കം ചെയ്ത സംഭവത്തെ ഉദാഹരിച്ച്, "വോട്ടുതന്നെ ഇല്ലാതാക്കുകയാണെങ്കിൽ പിന്നെ എന്ത് ജനാധിപത്യം?" എന്ന് ചോദിച്ചു. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിലുള്ള പ്രസ്ഥാനങ്ങൾ ഇത്തരം പ്രവണതകളെതിരായ പോരാട്ടമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
എൻ.കെ. പ്രേമചന്ദ്രനെ അദ്ദേഹം പ്രത്യേകിച്ച് പ്രശംസിച്ചു. "പാർലമെന്റിൽ ഭരണഘടനാ ബോധമുള്ള അപൂർവമായ എം.പി.മാരിൽ ഒരാളാണ് പ്രേമചന്ദ്രൻ. അദ്ദേഹത്തിന്റെ പ്രവർത്തനം ഞങ്ങൾക്കു മാതൃകയാണ്," ശ്രീകണ്ഠൻ പറഞ്ഞു.
ഇപ്പോൾ മോദി ഭരണകൂടം എതിർശബ്ദങ്ങളെ ഇല്ലാതാക്കുകയാണെന്നും, അധികാരം വെറും 50 സീറ്റുകളുടെ വ്യത്യാസത്തിലാണ് നിലനിൽക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. "ബീഹാർ തെരഞ്ഞെടുപ്പിന് ശേഷം ഇന്ത്യൻ ജനാധിപത്യത്തിൽ വലിയ മാറ്റം സംഭവിക്കുമെന്ന് ഉറപ്പുണ്ട്," ശ്രീകണ്ഠൻ പറഞ്ഞു.










കോവിഡ് കാലത്തെ രണ്ടാമത്തെ ഭരണകാലം ജനാധിപത്യ വിരുദ്ധമായ രീതിയിൽ മുന്നേറുകയാണെന്നും, തൊഴിലില്ലായ്മയും പട്ടിണിയും വ്യാപകമായി വർദ്ധിച്ചുവെന്നും അദ്ദേഹം വിലയിരുത്തി. കേരളത്തിലും അഴിമതിയും ഏകാധിപത്യവും വ്യാപകമാണെന്നും, മുഖ്യമന്ത്രിക്കും കുടുംബത്തിനുമെതിരെ ഉയരുന്ന ആരോപണങ്ങൾ ഗൗരവമേറിയതാണെന്നും ശ്രീകണ്ഠൻ അഭിപ്രായപ്പെട്ടു.
"മോദിയുടെ ഏകാധിപത്യം ജനങ്ങൾ തിരിച്ചറിഞ്ഞു. അടുത്ത തെരഞ്ഞെടുപ്പ് അതിനെതിരെയുള്ള തരംഗമായിരിക്കും. രാജ്യത്ത് കോൺഗ്രസിന്റെ തിരിച്ചുവരവ് അനിവാര്യമാണെന്നും," അദ്ദേഹം പറഞ്ഞു.കോൺഗ്രസിനെ തകർക്കാനായി വിവിധ പാർട്ടികൾ ചേർന്നാലും അവസാനം അവരിൽ പലരും കോൺഗ്രസിന്റെ തണലിൽ തന്നെ അഭയം പ്രാപിക്കേണ്ടിവരുമെന്നും, അത് ഇന്ത്യയിലെ രാഷ്ട്രീയ യാഥാർത്ഥ്യമാണെന്നും അദ്ദേഹം സൂചിപ്പിച്ചു. "കേരളത്തിലെ ജനങ്ങൾ ഇപ്പോൾ ഭരണം മാറണമെന്ന് ആഗ്രഹിക്കുന്നു. 2026ലെ തിരഞ്ഞെടുപ്പിൽ അത് യാഥാർത്ഥ്യമാകും," എന്നും ശ്രീകണ്ഠൻ ഉറപ്പു നൽകി.രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രസ്ഥാനം കോൺഗ്രസിന്റെ ആത്മാവിനെ പ്രതിനിധീകരിക്കുന്നതാണെന്നും, അദ്ദേഹത്തിനെതിരെ രാജ്യത്ത് എവിടെയും ശബ്ദമില്ലെന്നും ശ്രീകണ്ഠൻ പറഞ്ഞു. "ഇന്ദിരാഗാന്ധിക്കെതിരെ സിന്ഡിക്കേറ്റ് ഉണ്ടായ കാലത്തും പാർട്ടി തകർന്നില്ല. അതുപോലെ രാഹുൽ ഗാന്ധിയുടെ നേതൃത്വത്തെയും ഇപ്പോൾ എല്ലാവരും അംഗീകരിക്കുന്നു. ഇന്ത്യയുടെ ജനാധിപത്യ മനസ്സിൽ ഇപ്പോഴും കോൺഗ്രസ് ജീവിക്കുന്നു," എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അവസാനമായി, എല്ലാ നേതാക്കളും പ്രവർത്തകരും ഒരുമിച്ച് നിന്ന് മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ സംരക്ഷിക്കണമെന്നും, പ്രവാസികൾ പത്തിരട്ടി പിന്തുണ നൽകേണ്ട സമയമാണിതെന്നും ശ്രീകണ്ഠൻ ആഹ്വാനം ചെയ്തു.

നയതന്ത്ര പരാജയം പ്രവാസികളെ ബാധിക്കുന്നു: ഫൊക്കാന സ്വീകരണത്തിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി

കോങ്കേഴ്സ്, ന്യു യോർക്ക് : എൻ.കെ. പ്രേമചന്ദ്രൻ എം.പി, റാന്നി എം.എൽ.എ. പ്രമോദ് നാരായൺ, മാധ്യമ പ്രവർത്തകരായ ജോണി ലൂക്കോസ്, ലീൻ ജസ്മാസ്, മോത്തി രാജേഷ്, എന്നിവർക്ക് ഫൊക്കാന സ്വീകരണം നൽകി. ഗ്ലോബൽ സെന്ററിൽ നടന്ന സ്വീകരണത്തിൽ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ഏവരെയും സ്വാഗതം ചെയ്തു. സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ആമുഖ പ്രസംഗം നടത്തി.
സുദീർഘമായൊരു ഇടവേളയ്ക്ക് ശേഷമാണ് ഫൊക്കാന സമ്മേളനത്തിൽ സംസാരിക്കുന്നതെന്ന ആമുഖത്തോടെയാണ് എൻ.കെ.പ്രേമചന്ദ്രൻ എം.പി തന്റെ വാക്കുകൾ ആരംഭിച്ചത്. ഇന്നലെകളിൽ നിന്ന് വ്യത്യസ്തമായി ഒട്ടേറെ പദ്ധതികൾക്ക് ഫൊക്കാന മുൻകൈ എടുത്തിട്ടുണ്ടെന്ന് സജിമോൻ ആന്റണിയുടെ വിവരണത്തിൽ നിന്ന് മനസ്സിലാക്കുന്നതിലെ അതിയായ സന്തോഷം അദ്ദേഹം രേഖപ്പെടുത്തി.
വിദ്യാഭ്യാസ രംഗത്തും സാമൂഹിക രംഗത്തും ജനക്ഷേമ രംഗത്തും നൂതനവും സ്തുത്യർഹവുമായ സേവനങ്ങൾ നൽകി നാല് ദശാബ്ദങ്ങൾക്ക് ശേഷവും ഫൊക്കാന മലയാളി സംഘടനകളുടെ അംബ്രല്ല ഓർഗനൈസേഷൻ ആയി സജീവമായി നിൽക്കുന്നത് പ്രശംസാർഹമാണ്. ഫൊക്കാനയുടെ സ്ഥാപക നേതാവായ എം. അനിരുദ്ധന്റെ സമീപകാലത്തുണ്ടായ വിയോഗത്തിലെ അഗാധമായ ദുഃഖം രേഖപ്പെടുത്തിയതോടൊപ്പം കേരളത്തിൽ അദ്ദേഹത്തിന് അർഹമായ ആദരവ് കൊടുക്കാൻ സാധിച്ചില്ലല്ലോ എന്ന കുറ്റബോധവും പ്രകടിപ്പിച്ചു.
ഫൊക്കാനയുടെ പ്രവർത്തനങ്ങൾ മാതൃകയാക്കിക്കൊണ്ടാണ് ലോകത്തിന്റെ വിവിധ കോണുകളിലുള്ള പ്രവാസി സംഘടനകൾ കേരളത്തിനായി സഹായങ്ങൾ എത്തിക്കുന്നത്. ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ പത്തനംതിട്ട ചിറ്റാറിൽ സ്വന്തം സ്ഥലം വിട്ടുനൽകി നടപ്പാക്കുന്ന ഫൊക്കാന വില്ലേജ് പ്രോജക്ടിനെയും എംപി അഭിനന്ദിച്ചു.
ന്യൂജേഴ്സിയിൽ അവിഭക്ത ഫൊക്കാന കൺവൻഷൻ നടന്നപ്പോൾ അതിൽ പങ്കെടുക്കുകയും ഭാഷയ്ക്കൊരു ഡോളർ പദ്ധതിക്കും നിരവധി സെമിനാറുകൾക്കും സംവാദങ്ങൾക്കും സാക്ഷ്യം വഹിച്ചതുമായ അനുഭവങ്ങൾ അദ്ദേഹം ഓർത്തെടുത്തു.
പുതുതലമുറയുടെ സാന്നിധ്യവും പങ്കാളിത്തവും സാമൂഹിക സംഘടനകളില് പരിമിതമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില് ഫൊക്കാന ഇതേപ്പറ്റി ഗൗരവമായി ചിന്തിക്കണം. അമേരിക്കയില് മാത്രമല്ല, കേരളത്തിലെയും വിവിധ സാമൂഹിക, കലാ-സാംസ്കാരിക കൂട്ടായ്മകളിലും പുതുതലമുറയുടെ അസാന്നിധ്യം പ്രകടമാണെന്നും അവരെ ചേര്ത്ത് നിര്ത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ആധുനികവത്കരണത്തിന്റെ സ്ഫോടനാത്മകമായ വികാസമാണ് ഇതിന് കാരണമെന്നും എംപി വിലയിരുത്തി. കേരളത്തിന്റെ അഭിവൃദ്ധിക്കായി യുവതലമുറയുടെ ക്രിയാത്മകമായ ഇടപെടൽ സാധ്യമാക്കാൻ ഉതകുന്ന പരിപാടികൾ ആവിഷ്കരിക്കുന്ന കാര്യം ആലോചിക്കണം .
ഫൊക്കാനയ്ക്ക് കൂടുതൽ കരുത്തോടെയും ഊർജ്ജത്തോടെയും ഇനിയും ഏറെ മുന്നോട്ട് പോകാൻ കഴിയട്ടെ എന്ന് എംപി ആശംസിച്ചു. അതിനൊക്കെയും താനുൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സഹായസഹകരണങ്ങൾ ഉറപ്പുനൽകുകയും ചെയ്തു.
മാധ്യമങ്ങളും സാംസ്കാരിക സംഘടനകളും കേരളത്തിന്റെ അയൽസംസ്ഥാനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടാകുന്ന വികാസം എന്തുകൊണ്ട് നമ്മുടെ നാട്ടിൽ ഉണ്ടാകുന്നില്ല എന്നത് ഗൗരവമായി നോക്കിക്കാണാൻ ഇടപെടൽ നടത്തണം.
രാജ്യാന്തര രംഗത്തെ സ്ഥിതിഗതികൾ അനുദിനം വഷളായിക്കൊണ്ടിരിക്കുകയാണ്. നയപരമായ കാര്യങ്ങളിലെ അസ്ഥിരത അനേകം പ്രവാസികളെ ബാധിക്കുന്നു. അതൊക്കെയും നയതന്ത്ര രംഗത്ത് വന്ന അപചയത്തിന്റെ അനന്തരഫലമാണെന്ന് എംപി ചൂണ്ടിക്കാട്ടി.
അയൽരാജ്യങ്ങളുമായി സൗഹൃദം നിലനിർത്തുന്നതിലെ പരാജയം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പ്രവാസികളെ ബാധിക്കുമ്പോൾ, രാഷ്ട്രീയത്തിന് അതീതമായി എൻആർഐ കമ്മ്യൂണിറ്റിയെ ബാധിക്കുന്ന വിഷയങ്ങളിൽ സഭയിൽ എടുക്കുന്ന നടപടികൾ ശ്രദ്ധേയമാണെന്നും ഇതിനായി സ്വയം പാർലമെന്റിൽ നിരവധി ബില്ലുകളും സ്വകാര്യ പ്രമേയങ്ങളും അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.









ഇന്ത്യയിലെ യൂണിവേഴ്സിറ്റികളില് ഏതെങ്കിലും ഒരു കോഴ്സിന് ചേരുന്നവര്ക്ക് പ്രോസ്പെക്ടസില് പോലും പറയാത്ത ഭീമമായ തുക ഫീസിനത്തില് കൊടുക്കേണ്ടതായ സാഹചര്യം നിലവിലുണ്ട്. പലതരത്തിലുള്ള ഫീസുകള് കൊടുക്കാന് കഴിയാതെ പഠനം ഇടയ്ക്കു വച്ച് നിര്ത്താന് നിര്ബന്ധിതരാകുന്ന വിദ്യാര്ത്ഥികളെ സഹായിക്കാന് ഫൊക്കാന മുന്നോട്ടു വന്നത് അത്യന്തം അഭിമാനകരമാണ്. ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഇത്തരം പ്രതിസന്ധികള് ഫൊക്കാന കണ്ടെത്തിയതു തന്നെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളമാണെന്ന് എന്. കെ പ്രേമചന്ദ്രന് ചൂണ്ടിക്കാട്ടി.
ലോകമെമ്പാടുമുള്ള മലയാളി പ്രസ്ഥാനങ്ങളില് ഇതിഹാസമായി മാറിയ സംഘടനയാണ് ഫൊക്കാന എന്ന് റാന്നി എം.എല്.എ പ്രമോദ് നാരായണന് പ്രശംസിച്ചു. എല്ലാ വലിയ യാത്രകളും ആരംഭിക്കുന്നത് ആദ്യത്തെ കാല്വയ്പ്പില് നിന്നാണ് എന്ന ചൈനീസ് പഴമൊഴിയില് നിന്നുകൊണ്ട് ഫൊക്കാനയുടെ കാല്വയ്പ്പുകള് ഒരുമിച്ചുള്ള ഭദ്രമായ ഒരു ദീർഘയാത്രയാവട്ടെ എന്ന് ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു- പ്രമോദ് നാരായാണന് പറഞ്ഞു.
ജീവിക്കാന് അധികം പണം ആവശ്യമില്ല എന്നാണ് മനോരമ ന്യൂസ് ടി.വി ഡയറക്ടർ ജോണി ലൂക്കോസിന്റെ അഭിപ്രായം. ആംഗലേയ സാഹിത്യകാരനായ സോമർസെറ്റ് മോം, പണത്തെ വിശേഷിപ്പിക്കുന്നത് ആറാം ഇന്ദ്രിയം എന്നാണ്. പണം ഉണ്ടെങ്കില് അഞ്ച് ഇന്ദ്രിയങ്ങളും ഒരുമിച്ച് നന്നായി പ്രവർത്തിക്കുമത്രേ. അതു കൊണ്ട് മറ്റുള്ളവരുടെ ദുഃഖങ്ങളും പ്രയാസങ്ങളും കാണണം, കേള്ക്കണം, സ്പർശിക്കണം. ഈ ആറാം ഇന്ദ്രിയം നമുക്ക് ഫലപ്രദമായി ഉപയോഗിക്കാനുള്ള മാർഗമായിട്ട് ഫൊക്കാനയുടെ പ്രവർത്തനങ്ങള് ഉപകരിക്കട്ടെ എന്ന് ജോണി ലൂക്കോസ് പറഞ്ഞു.
പ്രസിഡന്റ് സജിമോന് ആന്റണി സ്വാഗതം ഫൊക്കാന നടത്തിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികളെ കുറിച്ച് വിശദീകരിച്ചു. ന്യൂജേഴ്സിയിലെ നടന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ വേദിയില് വച്ച് ഫൊക്കാന പ്രിവിലേജ് കാർഡ്, ഹെല്ത്ത് കാർഡ് എന്നിവ വിതരണം ചെയ്യാന് സാധിച്ചതില് ചാരിതാർത്ഥ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഫൊക്കാനയുടെ പ്രവർത്തനങ്ങള്ക്ക് എന്.കെ പ്രേമചന്ദ്രന്, പ്രമോദ് നാരായണന് തുടങ്ങിയവര് നല്കുന്ന പിന്തുണ വിലമതിക്കാനാവാത്തതാണെന്ന് അദ്ദേഹം വ്യക്തമാക്കി.
ചടങ്ങില് ബിലീവേഴ്സ് ചർച്ച് മെഡിക്കല് കോളേജ് ഹോസ്പിറ്റല് മാനേജർ റവ. ഫാ. സിജോ പാണ്ടപ്പള്ളില്, എന്.കെ പ്രേമചന്ദ്രന് എം.പി, പ്രമോദ് നാരായണന് എം.എല്.എ, മനോരമയുടെ ജോണി ലൂക്കോസ്, ന്യൂസ് 18 കോണ്ട്രിബ്യൂട്ടിങ് എഡിറ്റർ ലീന് ബി ജെസ്മസ്, മാതൃഭൂമി ടി.വി സീനിയർ സബ് എഡിറ്റർ മോത്തി രാജേഷ് എന്നിവരെ സജിമോന് ആന്റണി പൊന്നാട അണിയിച്ച് ആദരിച്ചു. ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്, ഫൊക്കാനയുടെ മുൻ പ്രസിഡന്റും കേരള ടൈംസ് പത്രത്തിന്റെ മാനേജിംഗ് ഡയറക്ടറുമായ ശ്രീ പോൾ കറുകപ്പിള്ളിൽ, റോക്ക് ലാന്ഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോള്, ലീലാ മാരേട്ട് , ആർ.വി.പി ആന്റോ വർക്കി, ഫിലിപ്പോസ് ഫിലിപ്പ്, സജി പോത്തന്, ജോയ് ഇട്ടന്, ഷൈമി ജേക്കബ് എന്നിവര് സംസാരിച്ചു.




11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

സ്ത്രീയും പുരുഷനും പൂരകശക്തികൾ; സമത്വചർച്ചയിൽ വൈവിധ്യമാർന്ന അഭിപ്രായങ്ങൾ







ന്യൂജേഴ്സി: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ ഭാഗമായി നടന്ന ‘വിമന് ഇന് മീഡിയ കോണ്ക്ലേവ്’ സ്ത്രീ-പുരുഷ സമത്വത്തെ കുറിച്ചുള്ള ചർച്ചകളിലൂടെ നിറഞ്ഞു. പാനല് ചര്ച്ചയില് പങ്കെടുത്ത പ്രമുഖ മാധ്യമപ്രവര്ത്തകരും സാമൂഹിക പ്രവര്ത്തകരും തങ്ങളുടെ ജീവിതാനുഭവങ്ങളും നിരീക്ഷണങ്ങളും പങ്കുവെച്ച് വിഷയത്തെ വൈവിധ്യമാർന്ന കാഴ്ചപ്പാടുകളിലൂടെ വിലയിരുത്തി.

റിപ്പോർട്ടർ ടി.വിയുടെ മുഖമായ സുജയ പാർവ്വതി അഭിപ്രായപ്പെട്ടു: “സ്ത്രീയോ പുരുഷനോ എന്നത് പെന്ഡുലം പോലെയാണ് — ഇടത്തുനിന്നും വലത്തേക്കും നീങ്ങുമ്പോഴും അതിന്റെ നില ബാലന്സിലാണ്. തൊഴിലിടങ്ങളിലും വീട്ടിലുമെല്ലാം സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളാണ്.” പുരുഷന്റെ സ്ഥാനങ്ങൾ പിടിച്ചെടുക്കേണ്ടതല്ല, കഴിവ് പ്രയോഗിച്ചാണ് നിലനിൽപ്പ് ഉറപ്പിക്കേണ്ടതെന്ന് അവർ ചൂണ്ടിക്കാട്ടി. കുടുംബത്തിന് ശേഷം കരിയറിന് സ്ഥാനം നൽകുന്നതിൽ അഭിമാനമുണ്ടെന്നും സ്ത്രീയും പുരുഷനും ഒരുമിച്ചാണ് വുമൺഹുഡ് യാഥാർത്ഥ്യമാകുന്നതെന്നും സുജയ പറഞ്ഞു.

മാതൃഭൂമി ചാനലിന്റെ അവതാരകയായ മോത്തി രാജേഷ് അഭിപ്രായപ്പെട്ടു: “പ്രകൃതിയുടെ നിർമിതിയില് സ്ത്രീക്കും പുരുഷനും പ്രത്യേക ലക്ഷ്യമുണ്ട്. സ്ത്രീക്ക് പുരുഷനേക്കാള് അനുകമ്പയോടെ കാര്യങ്ങളെ കാണാനും മറ്റൊരാളെ ആശ്വസിപ്പിക്കാനും കഴിയും.” സ്ത്രീക്കും പുരുഷനും തമ്മിലുള്ള ചെറിയ വ്യത്യാസങ്ങൾ ജീവിതത്തിന്റെ സൗന്ദര്യമാണ് എന്നും ജെന്ഡർ എന്തായാലും നല്ല വ്യക്തിയാകുക എന്നതാണ് പ്രധാനമെന്നും മോത്തി പറഞ്ഞു.

വനിതാ കമ്മീഷന് മുന് അംഗമായ പ്രൊഫസർ കെ.എ. തുളസി പറഞ്ഞു: “സ്ത്രീയുടെ സ്ഥാനം ഇന്ന് പൊതുവേ ആശാസ്യകരമാണ്. പക്ഷേ, മാറ്റം ആവശ്യപ്പെട്ട് മുന്നോട്ട് വരുന്നവർ തന്നെ ആദ്യം മാറേണ്ടതുണ്ട്. വ്യക്തികൾ തമ്മിൽ പരസ്പരം ആശയവിനിമയം നടത്തുമ്പോഴാണ് സ്ത്രൈണത യഥാർത്ഥത്തിൽ ആഘോഷിക്കപ്പെടുന്നത്.”

മാധ്യമപ്രവർത്തകയും എഴുത്തുകാരിയുമായ ഡോ. ആനി പോള് അഭിപ്രായപ്പെട്ടു: “വെല്ലുവിളികളും പ്രതിസന്ധികളും കടന്ന് മുന്നോട്ട് പോകുമ്പോഴാണ് സ്ത്രീകൾക്ക് യഥാർത്ഥ ശക്തി ലഭിക്കുന്നത്. കഠിനാധ്വാനത്തിലൂടെയാണ് അവസരങ്ങളുടെ വാതിൽ തുറക്കുന്നത്.”

മുതിർന്ന സാമൂഹിക പ്രവർത്തകയായ ലീല മാരേറ്റ് പറഞ്ഞു: “പഴയകാല സ്ത്രീകൾ പുരുഷാധിപത്യമുള്ള സമൂഹത്തിൽ ശബ്ദമില്ലാതെ ജീവിച്ചവരാണ്. എന്നാൽ ഇന്നത്തെ സ്ത്രീ പുരുഷനൊപ്പമോ ചിലപ്പോൾ മുകളിലോ നിൽക്കുന്നുണ്ട്. ഏതൊരു പുരുഷന്റെയും വിജയത്തിന് പിന്നിൽ ഒരു സ്ത്രീയുണ്ട് പോലെ, സ്ത്രീയുടെ ഉയർച്ചയ്ക്കും പിന്നിൽ ഒരു പുരുഷന്റെ പിന്തുണയുണ്ട്.”

“ഞാൻ സ്ത്രീയാണ് എന്ന് ആവർത്തിച്ച് പറയുന്നത് സ്ത്രീയുടെ ശക്തിയും അവസരങ്ങളും കുറയ്ക്കുന്നു,” എന്ന് അഭിപ്രായപ്പെട്ടു തങ്കം അരവിന്ദ്. “തുല്യതയെന്നത് സ്ത്രീയും പുരുഷനും തമ്മിലുള്ള പൂർണത തിരിച്ചറിയുന്നതിലാണ്,” എന്നും അവർ കൂട്ടിച്ചേർത്തു.

വൈവിധ്യമാർന്ന ചിന്തകളും അനുഭവങ്ങളും ചേർന്ന് ഈ പാനല് ചർച്ച സ്ത്രീപുരുഷ ബന്ധത്തിന്റെ യാഥാർത്ഥ്യവും സമൂഹത്തില് അവർ വഹിക്കുന്ന പൂരകപങ്കും ആഴത്തിൽ പ്രതിഫലിപ്പിച്ചു.



കേരളാ കൈരളി ടൈംസ്
WWW.KERALATIMES.COM
OCTOBER 2025 EDITION
news@keralatimes.com

മാധ്യമങ്ങൾ ഭരണകൂടത്തിന്റെ നരേറ്റീവ് സൃഷ്ടിക്കാനുള്ള ഉപാധിയായി മാറുന്നു: ജോണി ലൂക്കോസ്









എഡിസൺ (ന്യൂജേഴ്സി): “ശതകോടീശ്വരന്മാർ മാധ്യമങ്ങളെ വാങ്ങുന്നത് പണം ഉണ്ടാക്കാൻ അല്ല, അധികാരം ഉറപ്പാക്കാനും തങ്ങൾക്കിഷ്ടമുള്ള ഭരണകൂടങ്ങൾക്ക് അനുകൂലമായ നരേറ്റീവ് സൃഷ്ടിക്കാനുമാണ്” — മനോരമ ന്യൂസ് ടിവി ഡയറക്ടർ ജോണി ലൂക്കോസ് അഭിപ്രായപ്പെട്ടു. ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ ‘ശതകോടീശ്വരന്മാർ കയ്യടക്കിയ മാധ്യമലോകം’ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

“മണി പവറാണെങ്കിലും പവറിന്റെ മറ്റൊരു രൂപമാണ് മീഡിയ. ഇന്ത്യൻ ജനാധിപത്യത്തെ പ്രതിനിധീകരിച്ചിരുന്ന എൻഡിടിവിയെ അദാനി വാങ്ങിയത് അതിന്റെ നിലപാടുകളെ ഇല്ലാതാക്കാനായിരുന്നു, അതിൽ അവർ വിജയിച്ചു. അമ്പാനി മീഡിയയിൽ നിക്ഷേപിക്കുന്നത് ഭരിക്കുന്ന സർക്കാരിനെ സംരക്ഷിക്കാനാണ്. പണ്ടൊക്കെ രഹസ്യമായി പണം മുടക്കിയിരുന്നതാണ്, ഇന്ന് അത് തുറന്നുവെച്ച് നടത്തുന്നു. ഈ പ്രവണത ജനാധിപത്യത്തെ എങ്ങനെ ബാധിക്കും എന്ന് സമൂഹം പരിശോധിക്കണം,” — ജോണി ലൂക്കോസ് പറഞ്ഞു.

റിപ്പോർട്ടർ ടിവി കോർഡിനേറ്റിങ് എഡിറ്റർ സുജയ പാർവതി അഭിപ്രായപ്പെട്ടു: “എല്ലാ മാധ്യമങ്ങളുടെ പിന്നിലും കോർപ്പറേറ്റ് പവർ ഉണ്ടെന്നത് യാഥാർത്ഥ്യം. പക്ഷെ യഥാർത്ഥ ഉടമകൾ പ്രേക്ഷകരും വായനക്കാരുമാണ്. അവർ പിന്തുണച്ചില്ലെങ്കിൽ ചാനലുകളും പത്രങ്ങളും നിലനിൽക്കില്ല. അട്ടപ്പാടി ആദിവാസി പ്രശ്നങ്ങളെക്കാൾ മെട്രോ പില്ലറിൽ കയറിയ പൂച്ചയുടെ വാർത്തക്ക് മുൻഗണന ലഭിക്കുന്നത് പ്രേക്ഷകതാൽപര്യത്തെ ആശ്രയിച്ചാണ്.”

ന്യൂസ് 18 എഡിറ്റർ ലീൻ ബി ജെസ്മാസ് പറഞ്ഞു: “മാധ്യമരംഗം ശതകോടി ബിസിനസാണ്. എഡിറ്റോറിയൽ പോളിസിയനുസരിച്ച് ജോലി ചെയ്യേണ്ട ഉത്തരവാദിത്വം മാധ്യമപ്രവർത്തകരിൽ ഉണ്ട്. ഭരണപക്ഷത്തെ വെറുപ്പിച്ചാൽ ലൈസൻസ് നഷ്ടമാകുന്ന അവസ്ഥയുണ്ട്.”

24 ന്യൂസിലെ ഹാഷ്മി താജ് ഇബ്രാഹിം പറഞ്ഞു: “മുതലാളിമാർ മാധ്യമങ്ങളെ വിലക്കെടുക്കുന്നത് ഭരണാധികാരിക്ക് വേണ്ടി നരേറ്റീവ് മാറ്റാനാണെങ്കിലും കേരളത്തിലെ മാധ്യമങ്ങൾ ഇപ്പോഴും ആ അവസ്ഥയിലേക്ക് എത്തിയിട്ടില്ല.”

ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ അബ്ജോദ് വർഗീസ് അഭിപ്രായപ്പെട്ടു: “മാധ്യമങ്ങൾക്ക് പണം മുടക്കുന്നത് മുതലാളിമാരായാലും എഡിറ്റോറിയൽ തീരുമാനങ്ങൾ എടുക്കുന്നത് പത്രപ്രവർത്തകരാണ് — അതാണ് കേരളത്തിലെ ശക്തി.”

മാതൃഭൂമി ന്യൂസ് സീനിയർ സബ് എഡിറ്റർ മോത്തി രാജേഷ് കൂട്ടിച്ചേർത്തു: “പെട്ടിക്കട നടത്തുന്നതുപോലും ഒരു മുതലാളിക്കു സ്വന്തം താൽപര്യം ഉണ്ടാകും; അതുപോലെ മാധ്യമപ്രവർത്തകർ അവരുടെ പരിമിതികളിൽ മികച്ച രീതിയിൽ സ്പേസിനെ ഉപയോഗപ്പെടുത്തണം.”

മാധ്യമങ്ങളുടെ യഥാർത്ഥ ശക്തി ജനങ്ങളുടെ വിശ്വാസമാണെന്നും അതിനായി വാർത്തകൾ ജനങ്ങൾക്കായി തന്നെയായിരിക്കണമെന്നും മുതിർന്ന മാധ്യമപ്രവർത്തകൻ കുര്യൻ പാമ്പാടി പറഞ്ഞു.

“പ്രൈവറ്റ് ക്യാപിറ്റൽ പുതിയതല്ല. അമേരിക്കയിൽ ഇതിനു പഴയ പാരമ്പര്യമുണ്ട്. എന്നാൽ അവിടെ മീഡിയ മൊണോപ്പോളി ഒഴിവാക്കാൻ 39 ശതമാനം ഓണർഷിപ്പ് ക്യാപ് നിയമം നിലവിലുണ്ട്,” — ഏഷ്യാനെറ്റ് ന്യൂസ് യുഎസ് എഡിറ്റർ കൃഷ്ണകിഷോർ പറഞ്ഞു.

സമ്മേളനത്തിന് 24 ന്യൂസ് യുഎസ് കറസ്പോണ്ടന്റ് മധു കൊട്ടാരക്കര മോഡറേറ്ററായിരുന്നു.



11th INTERNATIONAL MEDIA CONFERENCE & AWARD NIGHT

OCTOBER 2025 EDITION

IPCNA CONFERENCE

2025 @ EDISON OFFICIAL BEGINNING

































India Press Club of North America
IPCNA
11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

IPCNA CONVENTION STARTING NJ MEET AND GREET

















11th INTERNATIONAL MEDIA CONFERENCE & AWARD NIGHT

OCTOBER 2025 EDITION


























11th INTERNATIONAL MEDIA CONFERENCE & AWARD NIGHT

OCTOBER 2025 EDITION
























11th INTERNATIONAL MEDIA CONFERENCE & AWARD NIGHT

OCTOBER 2025 EDITION

"മാധ്യമത്തിന്റെ പൊരുൾ സത്യം തന്നെയാണ്"



മാധ്യമലോകം ഇന്ന് അതിവേഗമാറ്റങ്ങളുടെ കാലഘട്ടത്തിലാണ്. വിവരങ്ങൾ നിമിഷങ്ങൾക്കകം ലോകമെമ്പാടും പരക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ, വേഗമാണ് മുൻതൂക്കം നേടുന്നത്. എന്നാൽ അതിനൊപ്പം മറക്കപ്പെടുന്നത് സത്യം തന്നെയാണ്. വേഗതയേക്കാൾ പ്രാധാന്യം നൽകേണ്ടത് കൃത്യതയ്ക്കും വിശ്വാസ്യതയ്ക്കുമാണ് — ഇതാണ് മാധ്യമത്തിന്റെ ആത്മാവിന്റേയും, നിലനില്പിന്റെയും ആധാരം.മാധ്യമപ്രവർത്തനം ഒരു തൊഴിൽമാത്രമല്ല, അത് ഒരു സാമൂഹിക ദൗത്യം കൂടിയാണ്. ഓരോ വാർത്തയും ഓരോ ചിത്രവും സമൂഹത്തെ സ്വാധീനിക്കാൻ, ഉണർത്താൻ, മാറ്റം വരുത്താൻ കഴിവുള്ളതാണ്. അതിനാൽ തന്നെ, മാധ്യമപ്രവർത്തകൻ കൈകാര്യം ചെയ്യുന്ന ഓരോ വാക്കിനും ഉത്തരവാദിത്വമുണ്ട്.

ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സോഷ്യൽ മീഡിയ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ മാധ്യമരംഗത്തെ ഒരു പുതുനാളിലേക്കാണ് നയിക്കുന്നത്. പക്ഷേ സാങ്കേതിക വിദ്യയേക്കാൾ പ്രധാനപ്പെട്ടത് മനുഷ്യവിലകളാണ്. സത്യം, നീതി, കരുണ, ധാർമികത — ഇവയാണ് മാധ്യമത്തിന്റെ അടിത്തറ.
വാർത്ത പ്രസിദ്ധീകരിക്കുന്നതിനു മുൻപ് "ഇത് സത്യസന്ധമാണോ?", "ഇത് സമൂഹത്തിനുള്ളതാണ്തോ?" എന്ന ചോദ്യം ഓരോ മാധ്യമപ്രവർത്തകനും മനസ്സിൽ ചോദിക്കണം. ജനങ്ങളുടെ വിശ്വാസമാണ് മാധ്യമത്തിന്റെ ഏറ്റവും വലിയ മൂലധനം. അത് നഷ്ടപ്പെട്ടാൽ, എല്ലാ സാങ്കേതികവിദ്യകളും ഉപകരണങ്ങളുമൊക്കെ വിലയില്ലാത്തവയാകും.


കേരളാ ടൈംസ് കഴിഞ്ഞ ദശാബ്ദങ്ങളായി ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തെ ബന്ധിപ്പിക്കുന്നതിൽ സത്യസന്ധതയും ഉത്തരവാദിത്വവും മുൻനിർത്തിയാണ് പ്രവർത്തിച്ചുവരുന്നത്. മാധ്യമത്തിന്റെ ദൗത്യം ജനങ്ങളെ വിഭജിക്കാനല്ല, ബന്ധിപ്പിക്കാനാണ് — അത് സമൂഹത്തെ ഉണർത്തുകയും, നീതിയോടും കരുതലോടും കൂടിയ ഒരു കാഴ്ചപ്പാട് വളർത്തുകയും വേണം.യുവ മാധ്യമപ്രവർത്തകർ ഓർമ്മിക്കേണ്ടതുണ്ട്: അവാർഡുകളും അംഗീകാരങ്ങളും പ്രചോദനങ്ങളാണ്, പക്ഷേ വായനക്കാരുടെ വിശ്വാസം മാത്രമാണ് യഥാർത്ഥ പുരസ്കാരം. അതാണ് മാധ്യമത്തിന്റെ ജീവൻ.സത്യസന്ധതയോടെയും ധൈര്യത്തോടെയും മനുഷ്യനെ കേന്ദ്രീകരിച്ചുള്ള മാധ്യമപ്രവർത്തനം നിലനിൽക്കട്ടെ. വാക്കുകൾ വെറും വിവരമല്ല, അതൊരു ഉത്തരവാദിത്വമാണ് — ഒരു ആത്മധർമ്മം."സത്യമാണ് മാധ്യമത്തിന്റെ ആത്മാവ്; അതിനെ സംരക്ഷിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്."

പോൾ കറുകപ്പിള്ളിൽ
മാനേജിംഗ് എഡിറ്റർ, കേരളാ ടൈംസ്

11th ഇന്റർനാഷണൽ മീഡിയ കോൺഫറൻസ് & അവാർഡ് നൈറ്റ്

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്തർദേശീയ മീഡിയാ കോണ്ഫറന്സ് ഒക്ടോബർ 9, 10, 11 തീയ്യതികളില് ന്യൂജേഴ്സിയിലെ എഡിസണ് ഷെറാട്ടണ് ഹോട്ടല് സമുച്ചയത്തില് അരങ്ങേറുകയാണ്. കേരളത്തിലും അമേരിക്കയിലും നിന്നുള്ള പ്രമുഖ മാധ്യമ, കലാ, സാംസ്കാരിക, സാമൂഹ്യ വ്യക്തികള് പങ്കെടുക്കുന്ന ഈ കോണ്ഫറന്സ്, അമേരിക്കന് മലയാളികള്ക്ക് ഒരവിസ്മരണീയ അനുഭവമായിരിക്കുമെന്ന് പ്രസിഡന്റ് സുനില് ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാന്, അഡ്വൈസറി ബോർഡ് ചെയർമാന് സുനില് തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്ത്, വൈസ് പ്രസിഡന്റ് അനില് ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കോണ്ഫറന്സ് ചെയർമാന് സജി എബ്രഹാം, ഹോസ്റ്റിംഗ് ചാപ്റ്റർ ന്യൂയോർക്ക് പ്രസിഡന്റ് ഷോളി കുമ്പിളുവേലില് എന്നിവർ അറിയിച്ചു. ഇതിനായുള്ള ഒരുക്കങ്ങള് ധൃതഗതിയിലും സമയബന്ധിതമായും പുരോഗമിക്കുന്നു.
ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ അമേരിക്കയില് പ്രസ് ക്ലബ് പ്രസ്ഥാനങ്ങള്ക്ക് തുടക്കം കുറിച്ചിരുന്നു. 1908-ല് തന്നെ വാഷിംഗ്ടണ് ഡി.സി.യില് The National Press Club പ്രവർത്തനം ആരംഭിച്ചു. ഒരേ മേഖലയില് പ്രവർത്തിക്കുന്ന പത്രപ്രവർത്തകർക്ക് സായാഹ്നങ്ങളില് ഒരുമിച്ചു കൂടുന്നതിനും, സൗഹൃദങ്ങള് പങ്കുവെക്കുന്നതിനും, ഒന്ന് 'റിലാക്സ്' ചെയ്യുന്നതിനുമുള്ള ഒരു വേദിയായിരുന്നു അത്. അതേ രീതിയിലുള്ള ഒരു തുടക്കമായിരുന്നു ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടേത് കൂടെ.
അമേരിക്കയിലെ മലയാള വാർത്താ വിനിമയ രംഗം എപ്പോഴാണ് ആരംഭിച്ചതെന്ന് കൃത്യമായി പറയുവാന് പ്രയാസമാണ്. നാട്ടില് നിന്നുള്ള ബന്ധുമിത്രാദികളുടെ കത്തുകളിലൂടെയും, പിന്നീട് കൈയെഴുത്തുപ്രതികളായി രൂപം പ്രാപിച്ച വെട്ടി-ഒട്ടിക്കല് പ്രസിദ്ധീകരണങ്ങളിലൂടെയും അതിന്റെ തുടക്കം കണ്ടതായി അനുമാനിക്കാം. പേരിനൊരു പത്രാധിപസമിതി ഉണ്ടായിരുന്നെങ്കിലും, പല പ്രസിദ്ധീകരണങ്ങളും ഒറ്റയാള് സംരംഭമായിരുന്നു എന്നതാണ് വാസ്തവം. വലിയ ആവേശത്തോടും പ്രതീക്ഷകളോടും തുടങ്ങിയ ഈ പ്രസിദ്ധീകരണങ്ങള് സാമ്പത്തിക പരിമിതികളാല് പലതും അകാല ചരമമടഞ്ഞു.
ആധുനിക സാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പം ഓണ്ലൈന് പ്രസിദ്ധീകരണങ്ങളുടെ പ്രളയമുണ്ടായി. 'വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാട്' എന്ന തരത്തില് ദിവസേന ഈ ഓണ്ലൈന് പ്രസ്ഥാനങ്ങളുടെ എണ്ണം പെരുകുകയാണ്. ആരോഗ്യകരമായ മത്സരം എന്നതിലുപരി, അളവില് അധികമായ ആവർത്തനമാണ് ഈ രംഗത്ത് നടക്കുന്നത്. കുറേക്കാലം കഴിയുമ്പോള് ഇതില് നിന്നു പലതും ആരാലും ശ്രദ്ധിക്കപ്പെടാതെ കൊഴിഞ്ഞുപോകുന്നു.
അമേരിക്കന് മലയാള മാദ്ധ്യമരംഗത്ത് ഒരു പുതിയ അധ്യായം തുറന്നുകൊണ്ട്, 2000-കളുടെ തുടക്കത്തില് ഏഷ്യാനെറ്റും കൈരളിയും അവരുടെ നോർത്ത് അമേരിക്ക പ്രക്ഷേപണം ആരംഭിച്ചു. മലയാളികളുടെ എല്ലാ ചടങ്ങുകളും ടി.വി. ചാനലുകള് കവറേജ് ചെയ്യണമെന്ന് സംഘാടകർ ആവശ്യപ്പെടുന്ന സാഹചര്യം ഉണ്ടായി. ടെലിവിഷനില് തങ്ങളുടെ മുഖം പ്രത്യക്ഷപ്പെടുമ്പോള് ലഭിക്കുന്ന 'സ്റ്റാർ വാല്യു' കൊണ്ടുള്ള ആവേശം അവരുടെ ഭാഗത്ത് കാണാമായിരുന്നു. ടി.വി. പ്രവർത്തകർ ക്യാമറമാന്മാരെ കൂട്ടി ദൂരെ സ്ഥലങ്ങളിലേക്കു പോലും ചെലവു സഹിച്ച് എത്തി പരിപാടികള് കവറേജ് ചെയ്യുമ്പോഴും, സംഘാടകരില് നിന്നും ന്യായമായ പ്രതിഫലം ലഭിക്കാതെ പെട്ടെന്ന് തന്നെ ബുദ്ധിമുട്ടുകള് നേരിടേണ്ടി വന്നു.







ഒരുമിച്ചു നിന്നാല് ന്യായമായ അവകാശം ഉറപ്പിക്കാനാവുമെന്ന് തിരിച്ചറിഞ്ഞ് ഈ ബോധോദയം ആദ്യമായി അനുഭവിച്ചത് ഏഷ്യാനെറ്റിലെ സുനില് ട്രൈസ്റ്റാറും കൈരളിയിലെ ജോസ് കാടാപുറത്തും ആയിരുന്നു. അവരുടെ സംയുക്ത ചിന്തയില് നിന്നാണ് പ്രസ് ക്ലബ് എന്ന ആശയത്തിന് തുടക്കം. അവരുടെ അഭ്യർത്ഥന പ്രകാരം പത്രപ്രവർത്തകരായ ജേക്കബ് റോയി, ടാജ് മാത്യു, ജെ. മാത്യൂസ്, റെജി ജോർജ്, ജോർജ് തുമ്പയിൽ, സിബി ഡേവിഡ്, ജോർജ് ജോസഫ് തുടങ്ങിയവർ ഒരുമിച്ചു കൂടി ആശയവിനിമയം നടത്തി. അതിന്റെ ഫലമായി 2004-2005 കാലഘട്ടത്തിൽ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ജന്മം കണ്ടു.
2006-ൽ ന്യൂയോർക്കിൽ, മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ബോർഡിലെ ജേക്കബ് തോമസ് പങ്കെടുത്ത സമ്മേളനത്തോടെ, പ്രസ് ക്ലബ്ബിന്റെ ലക്ഷ്യവും കാഴ്ചപ്പാടും വ്യക്തമായി. തുടർന്ന് ഷിക്കാഗോയിലെ ജോസ് കണിയാലി പ്രസിഡന്റായും, ന്യൂയോർക്കിലെ ടാജ് മാത്യു സെക്രട്ടറിയായും ചുമതലയേറ്റപ്പോൾ, പ്രസ് ക്ലബ് കൂടുതൽ ഉയരങ്ങളിലെത്തി. മനോരമയിലെ ജോണി ലൂക്കോസ്, ഏഷ്യാനെറ്റിലെ ശ്രീകണ്ഠൻ നായർ, കൈരളിയിലെ ജോൺ ബ്രിട്ടാസ് തുടങ്ങിയ പ്രമുഖരുടെ സജീവ സംവാദങ്ങളും തമാശകളും ആ സമ്മേളനത്തെ മറക്കാനാവാത്ത അനുഭവമാക്കി. സമയപരിധിയോട് അനുസൃതമായ കൃത്യമായ നടത്തിപ്പ് മറ്റുള്ളവർക്കും മാതൃകയാക്കി.
ചെറിയ ലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച ഈ സംരംഭം ഇന്ന് വളർന്ന് പന്തലിച്ച് ഒരു മഹത്തായ പ്രസ്ഥാനമായി മാറിയിരിക്കുന്നു. പത്രപ്രവർത്തകരെ മാത്രമല്ല, സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികവ് തെളിയിച്ച നിരവധി പേർ ഇന്ന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അവിഭാജ്യ ഘടകങ്ങളാണ്. അവരുടെ സാന്നിധ്യവും സാമ്പത്തിക പിന്തുണയും പ്രസ് ക്ലബ് സമ്മേളനങ്ങളെ ഉന്നത നിലവാരത്തിലേക്ക് നയിക്കുന്ന പ്രധാന ശക്തിയാണ്.
യൗവനകാലത്ത് തന്നെ വാർത്താവിതരണ രംഗത്ത് മികവ് തെളിയിച്ച പാരമ്പര്യമുള്ള സുനിൽ ട്രൈസ്റ്റാർ പ്രസിഡന്റായുള്ള പ്രസ് ക്ലബ്ബിന്റെ ന്യൂജേഴ്സി സമ്മേളനം ഉയർന്ന നിലവാരം പുലർത്തുമെന്നതിൽ സംശയമില്ല. അമേരിക്കൻ മലയാള മാധ്യമരംഗത്തിന്റെ അഭിമാനമായ ഈ സംഘടനയുടെ പ്രവർത്തനം, മാധ്യമമേഖലയിലും സമൂഹത്തിലും പുതുചൈതന്യത്തിന് വഴിയൊരുക്കട്ടെ എന്നാശംസിക്കുന്നു.



11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

മാധ്യമ മികവിന്റെ അംഗീകാരം: ഡോ. സിമി ജെസ്റ്റോ ജോസഫിന് ഇന്ത്യ പ്രസ് ക്ലബിന്റെ മീഡിയ എക്സലൻസ് അവാർഡ്





എഡിസൺ, ന്യു ജേഴ്സി: ഡോ. സിമി ജെസ്റ്റോ ജോസഫ് 2025-ലെ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ)യുടെ മീഡിയ എക്സലൻസ് അവാർഡ് – ടെലിവിഷൻ ആങ്കറിങ്ങ് വിഭാഗത്തിൽ നേടി. എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ നടന്ന ഇന്ത്യ പ്രസ് ക്ലബിന്റെ പതിനൊന്നാമത് അന്താരാഷ്ട്ര കോൺഫറൻസിൽ എം.പി. എൻ.കെ. പ്രേമചന്ദ്രൻ അവാർഡ് സമ്മാനിച്ചു.

ഐ.പി.സി.എൻ.എ ഷിക്കാഗോ ചാപ്റ്ററിന്റെ ജോയിന്റ് സെക്രട്ടറിയായ ഡോ. സിമി ജെസ്റ്റോ മാധ്യമരംഗത്ത് പത്തു വർഷത്തിലേറെയായി സമർപ്പിത സേവനം നടത്തുന്ന വ്യക്തിയാണ്. ഏഷ്യാനെറ്റ് യുഎസ് ‘വീക്ക്ലി റൗണ്ടപ്പ്’ എന്ന പരിപാടിയിൽ 400 എപ്പിസോഡുകൾ അവതരിപ്പിച്ച അവർ സൃഷ്ടിച്ച “ലൈഫ് ആൻഡ് ഹെൽത്ത്” എന്ന ഹെൽത്ത് ഷോ പ്രേക്ഷക പ്രശംസ നേടിയിരുന്നു.

ഏഷ്യാനെറ്റിലും ഫ്ളവേഴ്സ് ചാനലിലും ചിക്കാഗോയിൽ നിന്നുള്ള അവതാരകയായി അവർ മാധ്യമരംഗത്ത് തുടക്കം കുറിച്ചു. കൈരളി ടിവിയിലെ “ഓർമ്മസ്പർശം” എന്ന സംഗീതപരിപാടിയുടെ പ്രധാന അവതാരകയായി ശ്രദ്ധ നേടിയതിനു ശേഷം, ഏഷ്യാനെറ്റിലെ യുഎസ് ‘വീക്ക്ലി റൗണ്ടപ്പ്’ പ്രോഗ്രാമിന്റെ മുഖ്യ അവതാരകയായി അഞ്ചുവർഷത്തോളം പ്രവർത്തിച്ചു.

മാധ്യമരംഗത്തോടൊപ്പം ആരോഗ്യരംഗത്തും അസാധാരണ നേട്ടങ്ങൾ കൈവരിച്ച വ്യക്തിയാണ് ഡോ. സിമി ജെസ്റ്റോ. ചിക്കാഗോയിലെ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റത്തിലെ Nursing Innovation and Research Center ന്റെ സീനിയർ ഡയറക്ടറായി പ്രവർത്തിക്കുന്ന അവർ മൂന്ന് ഫെല്ലോഷിപ്പുകളും രണ്ടു ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. അമേരിക്കയിലെ ആരോഗ്യ രംഗത്തെ ഉന്നത അംഗീകാരമായ American College of Healthcare Executives ന്റെ ഫെല്ലോഷിപ്പ് അവർക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ, National Academies of Practice (NAP)യും American Association of Nurse Practitioners (FAANP)യും നൽകിയ ഫെല്ലോഷിപ്പുകളും സ്വന്തമാക്കി. ANA-Illinois 40 Under 40 Nurse Leader Award, American Association of Nurse Practitioners (AANP) National Award for Excellence in Clinical Practice, Top Nurse Practitioner Award in USA തുടങ്ങിയ പുരസ്കാരങ്ങളും അവർ നേടിയിട്ടുണ്ട്.

ഇപ്പോൾ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡന്റായി പ്രവർത്തിക്കുന്ന ഡോ. സിമി ജെസ്റ്റോ, തന്റെ പ്രക്ഷേപണ മാധ്യമയാത്രയിൽ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും നൽകിയ Raju Pallath (Producer & Program Director)നും Anil Mattathilkunnel (Executive Editor)നും ഹൃദയപൂർവ്വം നന്ദി അറിയിച്ചു.

തന്റെ ജീവിതത്തിലെ എല്ലാ നേട്ടങ്ങൾക്കും പിന്നിൽ പ്രചോദനമായത് ഭർത്താവ് ജെസ്റ്റോ ജോസഫ്, മക്കളായ അനീന, ഐഡൻ, ആഷ്ന, ആഷിഷ് എന്നിവരാണെന്ന് അവർ അഭിമാനത്തോടെ പറഞ്ഞു.





11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

മാധ്യമ ലോകത്തിലെ പ്രതിഭകളെ ഒരുമിപ്പിക്കുന്ന ഈ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ്

ഒരു മഹത്തായ ആഘോഷ നിമിഷമാണ്. സത്യത്തിനും നീതിക്കും വേണ്ടി കഴിവും ടെക്നോളജിയും ബുദ്ധിയും വാക്കും തൂലിക കൈയിൽ എടുത്തവർ ഒന്നിച്ചുചേരുന്ന ഈ സംഗമം പ്രചോദനത്തിന്റെ പ്രതീകമാണ്.

ഇന്ത്യയിൽ നിന്ന് പങ്കെടുക്കുന്ന എല്ലാ മാധ്യമ പ്രതിനിധികൾക്കും ഹൃദയപൂർവ്വമായ സ്വാഗതം.നിങ്ങളുടെ സാന്നിധ്യം ഈ സംഗമത്തിന് ആഗോള മുഖച്ഛായ നൽകുന്നു. ന്യൂ ജേഴ്സിയിൽ സംഘടിപ്പിച്ച പതിനൊന്നാമത് കോൺഫറൻസിന്റെ വിജയത്തിനായി ആത്മാർത്ഥമായി പരിശ്രമിച്ച എല്ലാ ചാപ്റ്ററുകൾക്കും, എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു. നിങ്ങളുടെ സമർപ്പിതമായ സേവനവും കൂട്ടായ മനോഭാവവുമാണ് ഈ വിജയത്തിന്റെ അടിത്തറ.

മുൻകാല എക്സിക്യൂട്ടീവ് അംഗങ്ങളെയും ഈ അവസരത്തിൽ ആദരപൂർവ്വം ഓർക്കുന്നു. നിങ്ങളുടെ ദീർഘദർശനമാണ് ഈ കൂട്ടായ്മയെ ഇന്നത്തെ ഈ ഉയരത്തിലേക്ക് എത്തിച്ചത്. നിങ്ങൾ വിതച്ച വിത്തുകൾ ഇന്ന് വിജയത്തിന്റെ വൃക്ഷമായി വളർന്നു.

സുനിലിന്റെ നേതൃത്വത്തിലുള്ള നിലവിലെ എക്സിക്യൂട്ടീവ് ടീമിനും അഭിനന്ദനങ്ങൾ. നിങ്ങളുടെ നേതൃത്വവും ഏകകൃതമായ പരിശ്രമവുമാണ് ഈ സമ്മേളനത്തിന് തിളക്കം പകർന്നത്.

അഡ്വൈസറി ബോർഡ് അംഗങ്ങൾക്കും അവരുടെ വിലമതിക്കാനാവാത്ത മാർഗ്ഗനിർദേശത്തിനും പിന്തുണയ്ക്കും ഹൃദയപൂർവ്വം നന്ദി. വ്യക്തികളുടെതല്ല, കൂട്ടായ പരിശ്രമമാണ് യഥാർത്ഥ വിജയത്തിന്റെ രഹസ്യം. ഇത് ഭാവി തലമുറകൾക്ക് പ്രചോദനമാകട്ടെ.

മാധ്യമ സ്വാതന്ത്ര്യത്തിനും സത്യത്തിനും വേണ്ടി നിലകൊള്ളുന്ന ഇന്ത്യ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ ഈ യാത്ര എന്നും പ്രകാശിക്കട്ടെ. കാനഡയിൽ നിന്ന് എല്ലാ സഹപ്രവർത്തകർക്കും — ബിഗ് സല്യൂട്ട്!





ഐപിസിഎൻഎ കൺവെൻഷന് കേരള ടൈംസ് ആശംസകൾ നേരുന്നു

ന്യൂജേഴ്സി • അമേരിക്കൻ മലയാള മാധ്യമരംഗത്തിന്റെ അഭിമാനമായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ)യുടെ കൺവെൻഷന് കേരള ടൈംസ് പത്രം ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു. മാധ്യമപ്രവർത്തകരുടെ സംഗമമെന്നതിലുപരി, മാനവിക മൂല്യങ്ങളുടെയും പൗരധർമ്മ ബോധത്തിന്റെയും പുനർസ്ഥാപനത്തിനുള്ള പ്രസ്ഥാനമായി മാറുന്ന ഈ കൺവെൻഷൻ, അമേരിക്കൻ മലയാളികളുടെ സാമൂഹിക–സാംസ്കാരിക ബോധത്തിൽ പുതുജീവൻ പകരുന്ന വേളയായി കേരള ടൈംസ് വിലയിരുത്തുന്നു.

സുനിൽ ട്രൈസ്റ്റാർ, ഷിജോ പൗലോസ്, വിശാഖ് ചെറിയാൻ, രാജു പള്ളത്ത്, സുനിൽ തൈമറ്റം എന്നിവരുടെ സമന്വയ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ മഹാസമ്മേളനം, മാധ്യമപ്രവർത്തകരുടെ ആത്മപരിശോധനക്കും ആശയവിനിമയത്തിനും സൃഷ്ടിപരമായ വഴിത്താരകൾ തുറക്കുന്നുവെന്നത് അഭിമാനകരമാണ്.

പി.ഡി. ജോർജ് നടവയലിന്റെ “അല”, “ഇല”, “ഉല” എന്ന പ്രതീകാത്മക സംഗ്രഹണം കൺവെൻഷന് ആത്മസാരമായ പ്രതിനിധാനമായി മാറുന്നു. അലയൊലിയിലൂടെ സ്വത്വബോധം ഉണർത്തുന്ന “അല”, ജീവൻ പകരുന്ന “ഇല”, അനുഭവങ്ങളുടെ ഉലയിലൂടെ വളർച്ച നേടുന്ന “ഉല” — ഈ മൂന്നു വാക്കുകൾ ഐപിസിഎൻഎയുടെ പ്രവർത്തനശക്തിയും ലക്ഷ്യദിശയും പ്രതിഫലിപ്പിക്കുന്നു.

വ്യാജവാർത്തകളും വ്യക്തിപരമായ അജണ്ടകളും സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ, പത്രലോകം ജനാധിപത്യ മൂല്യങ്ങളുടെ കാവൽക്കാരായിത്തീരേണ്ടതുണ്ടെന്ന് കേരള ടൈംസ് എഡിറ്റോറിയൽ ബോർഡ് നിരീക്ഷിക്കുന്നു. അമേരിക്കൻ മലയാളികളുടെ പൗരബോധ വളർച്ചയ്ക്കും മാധ്യമനൈതികതയുടെ ശക്തീകരണത്തിനും ഈ കൺവെൻഷൻ നിർണായകമായ സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ സാമൂഹിക–രാഷ്ട്രീയ സാഹചര്യങ്ങൾ, മാധ്യമങ്ങളുടെ ഉത്തരവാദിത്വബോധം ആവശ്യപ്പെടുന്ന ഘട്ടത്തിലാണ്. ആ സാഹചര്യത്തിൽ വിദേശത്തുനിന്ന് മലയാള പത്രപ്രവർത്തകർ പുതുനാമ്പുകൾ കിളിർപ്പിക്കുന്ന പുനർവിചിന്തനത്തിനും മാതൃഭൂമിയോടുള്ള പ്രണയത്തിനും മാതൃകയാകട്ടെ എന്നാശംസിക്കുന്നു.

മാധ്യമരംഗത്തിന്റെ പുരോഗതിക്കും സാമൂഹിക സമഗ്രതയ്ക്കുമായി പ്രവർത്തിക്കുന്ന ഐപിസിഎൻഎയുടെ എഡിസൺ കൺവെൻഷൻ പത്രലോകത്തിന് പുതിയ ദിശാബോധം പകരട്ടെ. കേരള ടൈംസ് പത്രം ഐപിസിഎൻഎയെയും സംഘാടകരെയും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും വിജയാശംസകളും അർപ്പിക്കുന്നു.

‘നാട് വിട്ടപ്പോൾ ഭിന്നത മറന്നു, ഐക്യം നേടി’; ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തിൽ വി.കെ. ശ്രീകണ്ഠൻ എംപി

എഡിസൺ (ന്യൂജഴ്സി): നാട് വിട്ടപ്പോൾ ഭിന്നതകൾ മറന്ന് ഐക്യം സ്വന്തമാക്കിയത് മാതൃകയാക്കേണ്ട കാര്യമാണെന്ന് കോൺഗ്രസ് എംപി വി.കെ. ശ്രീകണ്ഠൻ പറഞ്ഞു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി എഡിസണിലെ ഷെറാട്ടണിൽ നടന്ന ‘മീറ്റ് ആൻഡ് ഗ്രീറ്റ്’ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രണ്ടു പതിറ്റാണ്ടിലേറെയായി ഭിന്നതകളില്ലാതെ സംഘടന പ്രവർത്തിക്കുന്നതിനു പിന്നിൽ വിദേശത്തേക്കു വർഷങ്ങൾക്കുമുമ്പ് കുടിയേറിയ മലയാളികളുടെ കൂട്ടായ്മയാണെന്നും, കേരളത്തിന്റെ ഒരു പരിച്ഛേദമായി അവർ മാറിയിരിക്കു കയാണെന്നും എംപി പറഞ്ഞു.

റാന്നി എംഎൽഎ പ്രമോദ് നാരായൻ കവ്യാത്മകമായ പ്രസംഗം നടത്തി. “വിത്ത് വൃക്ഷമാകുന്ന ചേതോഹര പ്രക്രിയയിൽ നനച്ച വേരുകൾ മലയാളമാണ്; ആ വേരുകളെ തേടിയുള്ള ശ്രമമാണ് മലയാളി സംഘടനകളും മാധ്യമപ്രവർത്തനവും,” എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മാധ്യമ പ്രവർത്തകരുടെ സമർപ്പണം പ്രശംസിച്ച് പ്രസ് ക്ലബ് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർക്ക് നന്ദി അറിയിച്ചു. “ഗാർസിയ മാർക്കേസിന്റെ വാക്കുകൾ പോലെ ഈ സമ്മേളനത്തിന്റെ ഓർമ്മകൾ ഹൃദയത്തിൽ മിഴിവാർന്നതാകട്ടെ,” എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

ജോർജ് തുമ്പയിലിന് ഇന്ത്യ പ്രസ് ക്ലബിന്റെ 'പയനിയർ ഇൻ ജേർണലിസം' അവാർഡ്

എഡിസൺ (ന്യൂജേഴ്സി): ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര മാധ്യമസമ്മേളനത്തിൽ പ്രമുഖ മാധ്യമപ്രവർത്തകൻ ജോർജ് തുമ്പയിലിന് 'പയനിയർ ഇൻ ജേർണലിസം' അവാർഡ് പ്രഖ്യാപിച്ചു. പുരസ്കാരം കേരളത്തിലെ നിയമസഭാംഗം പ്രമോദ് നാരായൺ എം.എൽ.എ സമ്മാനിച്ചു. എം.പി.മാരായ എൻ.കെ. പ്രേമചന്ദ്രൻ, വി.കെ. ശ്രീകണ്ഠൻ എന്നിവരുടെയും നാടിൽ നിന്ന് എത്തിയ മാധ്യമപ്രവർത്തകരുടെയും സാന്നിധ്യത്തിലായിരുന്നു ചടങ്ങ്.



മൂന്ന് ദശാബ്ദങ്ങൾക്കുമപ്പുറം പത്രപ്രവർത്തന രംഗത്ത് തന്റേതായ മുദ്ര പതിപ്പിച്ച തുമ്പയിൽ ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളിൽ ബഹുമുഖ പ്രതിഭ തെളിയിച്ച വ്യക്തിത്വമാണ്. മുൻപ് 'മലയാളം പത്ര'ത്തിന്റെ നാഷണൽ കറസ്പോണ്ടന്റായും പിന്നീട് ഇ-മലയാളിയുടെ സീനിയർ എഡിറ്ററായും, മനോരമ ഓൺലൈൻ കറസ്പോണ്ടന്റായും, വിവിധ സംഘടനകളുടെ മീഡിയ ലയസൺ ഓഫീസറായും പിആർഒയുമായും സേവനം അനുഷ്ഠിച്ചു. എംസി.എൻ. ചാനലിലെ "കാഴ്ച ഈ ആഴ്ച"യുടെ ചീഫ് ന്യൂസ് എഡിറ്ററായും ഏഷ്യാനെറ്റിലെ വാർത്താവതാരകനായും പ്രവർത്തിച്ചിട്ടുണ്ട്.



2002-ൽ നടി സംയുക്ത വർമ്മയെയും സംഘത്തെയും വിമാനറാഞ്ചികളായി തെറ്റിദ്ധരിച്ച് അറസ്റ്റ് ചെയ്ത വാർത്തയെയും 9/11 ഭീകരാക്രമണത്തിന്റെ തത്സമയ റിപ്പോർട്ടിംഗിനെയും ലോകമലയാള മാധ്യമരംഗം ഇന്നും ഓർക്കുന്നു. വിദേശത്തു മലയാളത്തെയും കേരളത്തെയും പരിപോഷിപ്പിക്കാൻ എന്നും ആവേശം പ്രകടിപ്പിച്ച തുമ്പയിൽ, 2006-ൽ വൈഡ് ആംഗിൾ പ്രൊഡക്ഷൻസ് ബാനറിൽ പുറത്തിറങ്ങിയ "യു.എസ് റൗണ്ടപ്പ്" പരമ്പരയ്ക്ക് ഏഷ്യാനെറ്റ് അവാർഡ് നേടി. 2009-ൽ മന്ത്രി ബിനോയ് വിശ്വം പത്രപ്രവർത്തനത്തിലെ മികവിനായി പൊന്നാട ചാർത്തി ആദരിച്ചു. 'മലയാളം പത്ര'ത്തെ പ്രതിനിധീകരിച്ച് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ബ്രസീൽ സമ്മിറ്റിലും 2000 ലെ സിഡ്നി ഒളിമ്പിക്സിലും 2004 ലെ ഏഥൻസ് ഒളിമ്പിക്സിലും റിപ്പോർട്ട് ചെയ്തിട്ടുള്ള മാധ്യമപ്രവർത്തകനാണ്. സമയരഥമുരുളുന്ന പുണ്യഭൂമി, ജന്മഭൂമിയുടെ വേരുകൾ തേടി, ഭൂമിക്കുമപ്പുറത്തു നിന്ന്, ദേശാന്തരങ്ങൾ എന്നിവയുൾപ്പെടെ നിരവധി ഗ്രന്ഥങ്ങൾ രചിച്ചു. 2007 മുതൽ തുടർച്ചയായി കോളങ്ങൾ എഴുതിയ അദ്ദേഹം, ഗ്രൗണ്ട് സീറോ, സമസ്യ, ദേശാന്തരങ്ങൾ, ലാളിത്യത്തിന്റെ സങ്കീർണതകൾ, പരിണാമഗാഥ, പകൽക്കിനാവ്, ലൗഡ് സ്പീക്കർ തുടങ്ങിയ നിരകളിലൂടെ വായനക്കാരുടെ ഹൃദയത്തിൽ ഇടം നേടിയിട്ടുണ്ട്.





ഫ�ൈൻ ആർട്സ് മലയാളം ആർട്സ് ക്ലബ്ബിന്റെ സ്ഥാപക സെക്രട്ടറിയായും മൂന്നുതവണ സെക്രട്ടറി, രണ്ടുതവണ പ്രസിഡന്റ്, ഇപ്പോൾ ചെയർമാൻ എന്ന നിലയിലും പ്രവർത്തിച്ചുവരുന്ന ജോർജ് നാടകാവതരണങ്ങളിലും സജീവമാണ്. അമേരിക്ക, കാനഡ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലായി നാടകവേദികളിൽ കൈയടി നേടിയ അദ്ദേഹം കേരള സർക്കാർ, ഫൊക്കാന, ഫോമ, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയ സംഘടനകളുടെ നിരവധി കലാസാംസ്കാരിക പരിപാടികളിൽ അവതാരകനായും ശ്രദ്ധേയനായി. ഗായകൻ യേശുദാസിന്റെ "ദാസേട്ടൻ യസ്റ്റർഡേ, ടുഡേ" പ്രോഗ്രാമിന്റെയും അവതാരകനായിരുന്നു. കൂടാതെ ബിനോയ് ചാക്കോയുമായി ചേർന്ന് "സോൾഫുള് മെലഡീസ്" ആൽബങ്ങൾ നിർമ്മിക്കുകയും ചെയ്തു.

മാർത്തോമാ സഭയുടെ പരമാധ്യക്ഷന്റെ വിമാനത്തിലെ ജന്മദിനാഘോഷം സംബന്ധിച്ച വാർത്തയും അമേരിക്കയിൽ ചുഴലിക്കാറ്റ് ഐറീൻ വരുത്തിയ നാശനഷ്ടങ്ങളുടെ സാഹചര്യത്തിൽ റിപ്പോർട്ട് ചെയ്ത വാർത്തകളും ശ്രദ്ധേയങ്ങളായി. യുഎസിലെ മലയാളി മാധ്യമ കൂട്ടായ്മയുടെ തുടക്കത്തിൽ നിന്നും ഇന്ത്യ പ്രസ് ക്ലബ്ബിന്റെ വളർച്ചയിൽ ജോർജിന്റെ സാന്നിധ്യം അനിവാര്യമായിരുന്നു. സംഘടനയുടെ നാഷണൽ ട്രഷറർ, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.

നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. മികച്ച അന്വേഷണാത്മക റിപ്പോർട്ടിംഗിനും വികസനാത്മക പത്രപ്രവർത്തനത്തിനും ഫൊക്കാന അവാർഡ്, ക്രിസ്ത്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഫോറം അവാർഡ്, ഇന്ത്യ കാത്തലിക് അസോസിയേഷൻ അവാർഡ്, ഫോമ അവാർഡ് തുടങ്ങി അനവധി ബഹുമതികൾ നേടിയിട്ടുണ്ട്. 2006-ൽ അമേരിക്കൻ മലയാളികളുടെ സാഹിത്യസംഭാവനയ്ക്കുള്ള ഫൊക്കാന പുരസ്കാരവും ലഭിച്ചു.

വ്യവസായജീവിതത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ച ജോർജ്, ന്യൂവാർക്ക് ബെത്ത് ഇസ്രായേൽ മെഡിക്കൽ സെന്ററിലെ റെസ്പിറേറ്ററി ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് ഡയറക്ടറായും 16 വർഷം ബെർഗൻ കമ്മ്യൂണിറ്റി കോളജിലെ അധ്യാപകനായും സേവനമനുഷ്ഠിച്ചു. "എംപ്ലോയി ഓഫ് ദി മന്ത്", "കോർ വാല്യു", "വിഷണറി അവാർഡ്", "മാനേജർ ഓഫ് ദി മന്ത്" എന്നീ ബഹുമതികൾ നേടി.

ഭാര്യ ഇന്ദിര ന്യൂവാർക്ക് ബെത്ത് ഇസ്രായേൽ മെഡിക്കൽ സെന്ററിൽ നഴ്സ് പ്രാക്ടീഷണർ ആയി റിട്ടയർ ചെയ്തു. മകൻ ബ്രയൻ ഷിക്കാഗോയിൽ എഞ്ചിനീയറാണ്. മകൾ ഷെറിൻ ഫിസിഷ്യനായി കണക്റ്റിക്കട്ട് യേൽ മെഡിക്കൽ സ്കൂളിൽ അസിസ്റ്റന്റ് പ്രൊഫസറായും റെസ്പിറേറ്ററി സ്ലീപ് മെഡിസിൻ വിഭാഗത്തിലെ ഉപമേധാവിയായും സേവനമനുഷ്ഠിക്കുന്നു. മരുമകൻ ജെയ്സൺ അക്കൗണ്ടന്റാണ്. രണ്ട് കൊച്ചുമക്കളുണ്ട്.

മാധ്യമരംഗത്തെ സമർപ്പിത സേവനത്തിനും മലയാളികളുടെ ലോകവ്യാപക ബന്ധങ്ങളെ ശക്തിപ്പെടുത്തിയ ദീർഘകാല പ്രവർത്തനത്തിനും ലഭിച്ച ഈ 'പയനിയർ ഇൻ ജേർണലിസം' അവാർഡ്, ജോർജ് തുമ്പയിലിന്റെ ജീവിതയാത്രയിലെ അഭിമാനമുദ്രയായി മാറി.



11th INTERNATIONAL MEDIA CONFERENCE & AWARD NIGHT

OCTOBER 2025 EDITION

India Press Club of North America

11th International Media Conference- Meet & Greet.



ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തിൽ സുജയ പാർവതി: വാർത്താ പ്രക്ഷേപണരംഗത്തെ സ്വതന്ത്ര ശൈലി



ന്യൂ യോർക്ക് : അടുത്ത വാരാന്ത്യത്തിൽ, ഒക്ടോബർ 9-10-11 തീയതികളിൽ ന്യൂ ജേർസി എഡിസണിലെ ഷെറാട്ടൺ ഹോട്ടലിൽ നടക്കുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ത്രിദിന അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ സുജയ പാർവതി പങ്കെടുക്കുന്നു. വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കൊണ്ടും, വാർത്താ അവതരണ ശൈലികൊണ്ടും മലയാള ടിവി ചാനൽ രംഗത്ത് വേറിട്ട് നിൽക്കുന്നു സുജയ, വിവിധ ചാനലുകളിലൂടെ അവരുടെ ശക്തമായ അവതരണശൈലി ജനങ്ങൾ കണ്ടറിഞ്ഞു. സുജയ പാർവതിയെപ്പോലെ സ്വതന്ത്രാഭിപ്രായം പറയാൻ മടിക്കാത്തവർ ചുരുക്കമെന്നു തന്നെ പറയാം.

ദൂരദർശനിലൂടെ വാർത്താ പ്രക്ഷേപണ രംഗത്ത് വന്ന സുജയ പാർവതി ഇപ്പോൾ റിപ്പോർട്ടർ ലൈവിൽ കോർഡിനേറ്റിംഗ് എഡിറ്റർ എന്ന നിലയിൽ തിളക്കമാർന്ന പ്രകടനം കാഴ്ചവയ്ക്കുന്നു. നേരത്തെ 24 ന്യൂസിൽ ന്യൂസ് എഡിറ്റർ. അതിനു മുൻപ് ഏഷ്യാനെറ്റ് ന്യൂസിൽ ചീഫ് ബ്രോഡ്കാസ്റ്റ് ജേണലിസ്റ്റ് ആയിരുന്നു പ്രവർത്തന പാരമ്പര്യം ആദ്യകാലത്ത് റിപ്പോർട്ടറിൽ സബ് എഡിറ്റർ ആയും പ്രവർത്തിച്ചു. ജീവൻ ടിവിയിൽ ന്യൂഡൽഹിയിലെ ബ്യൂറോ ചീഫ്, കൈരളി ടിവി ജേർണലിസ്റ്റ് എന്നീ നിലകളിലും പ്രവർത്തിച്ചു.





11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

മാധ്യമങ്ങളെ അവഗണിക്കാനാവില്ല: പ്രമോദ് നാരായണൻ എം.എൽ.എയുടെ അഭിപ്രായം



എഡിസൺ (ന്യൂജേഴ്സി): “ഒരിക്കലും സംഭവിക്കാത്ത കാര്യങ്ങൾ സംഭവിച്ചു എന്ന് വരുത്തിത്തീർക്കുന്ന ഭാവിയിലേക്കാണ് നമ്മൾ നീങ്ങുന്നത്. അത്തരം കാലഘട്ടങ്ങളിൽ മലയാളത്തിന്റെ മാധ്യമങ്ങൾക്ക് സത്യസന്ധതയുടെയും ധൈര്യത്തിന്റെയും പാതയിൽ ഉറച്ചു നിൽക്കാൻ കഴിയട്ടെ,” — റാന്നി എം.എൽ.എ പ്രമോദ് നാരായണൻ അഭിപ്രായപ്പെട്ടു.

എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ നടന്ന ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാം അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ ആശംസകൾ നേർന്നു സംസാരിക്കുകയായിരുന്നു അദ്ദേഹം. “ഒരുകാലത്ത് വാർത്തകളെ അവഗണിച്ചാൽ ആ വാർത്തകൾ സംഭവിച്ചില്ലെന്ന് പറയപ്പെട്ടിരുന്നു. ഭരണാധികാരികളുടെ ആ തമസ്കരണത്തിൽ നിന്ന് ജനാധിപത്യത്തിന്റെ മൂല്യങ്ങളോട് നീതി പുലർത്താൻ ഇനിയും ഒരു ദൂരം സഞ്ചരിക്കേണ്ടതുണ്ട്. എന്നാൽ ഏത് ഭരണാധികാരിയും മാധ്യമങ്ങളെ എപ്പോഴും അവഗണിക്കാനാവില്ല,” പ്രമോദ് നാരായണൻ പറഞ്ഞു.

വാർത്തകളുടെ നിറപ്പകിട്ടുകൾ മങ്ങിയാക്കാനുള്ള ശ്രമങ്ങൾ പലകാലങ്ങളിലും നടന്നിട്ടുണ്ടെന്നും, എന്നാൽ സാമൂഹ്യമാധ്യമങ്ങളുടെ വരവോടുകൂടി അതിൽ വലിയ മാറ്റം സംഭവിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

മലയാള സംസ്കാരത്തിന്റെ ആഴത്തിലുള്ള മാനവിക മൂല്യങ്ങളാണ് മാധ്യമ പ്രവർത്തകരെ വ്യത്യസ്തരാക്കുന്നത് എന്നും, കാല-ദേശ-ഭേദ അതിർത്തികൾ കടന്ന് മനുഷ്യർക്കിടയിൽ മമതയും കനിവും വളർത്തുന്ന ശക്തിയാണ് മാധ്യമങ്ങൾ എന്നും അദ്ദേഹം പ്രസംഗത്തിൽ ഉന്നയിച്ചു. “കനിവ് എന്ന വാക്കിന് ഭൂമിയേക്കാൾ ആകർഷണവും, സൂര്യനേക്കാൾ വെളിച്ചവും, കടലിനേക്കാൾ ആഴവുമുണ്ട്,” — കവിതാത്മകമായ ഭാഷയിൽ അദ്ദേഹം പറഞ്ഞു.

ഇവിടെ നടക്കുന്ന മാധ്യമ ലക്ഷ്യങ്ങളുടെയും വെല്ലുവിളികളുടെയും ചർച്ചകൾ അർത്ഥസമ്പുഷ്ടമാകട്ടെ എന്നും, കേരളത്തിന്റെ മാധ്യമപ്രവർത്തകരുടെ പ്രശോഭിത മുഖങ്ങൾ അണിനിരക്കുന്ന ഇന്ത്യ പ്രസ് ക്ലബിന്റെ പതിനൊന്നാം അന്താരാഷ്ട്ര സമ്മേളനം ലോകമെങ്ങും സ്നേഹവും സമാധാനവും പകരുന്ന ദീപമായി തീരട്ടെയെന്നും എം.എൽ.എ പ്രമോദ് നാരായണൻ ആശംസിച്ചു.















11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

മാധ്യമങ്ങള് ജനാധിപത്യത്തിന്റെ അടിത്തറ; പക്ഷേ ഇന്ന് വലിയ ഭീഷണി നേരിടുന്നു: വി. കെ. ശ്രീകണ്ഠൻ എം.പി











എഡിസൺ, ന്യൂജേഴ്സി: ജനാധിപത്യത്തെ സംരക്ഷിച്ച് നിര്ത്തുന്ന മാധ്യമങ്ങള് ഇന്ന് കടുത്ത ഭീഷണികളും നിയന്ത്രണങ്ങളും നേരിടുകയാണെന്ന് പാലക്കാട് എം.പി വി.കെ. ശ്രീകണ്ഠന് അഭിപ്രായപ്പെട്ടു. അപ്രിയ സത്യങ്ങള് കേള്ക്കാന് അധികാരികള് ആഗ്രഹിക്കുന്നില്ലെന്നും അതാണ് മാധ്യമപ്രവര്ത്തകര്ക്ക് നേരെയുണ്ടാകുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്നും അദ്ദേഹം പറഞ്ഞു. എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാധ്യമപ്രവര്ത്തനം സ്വതന്ത്രവും നീതിയുക്തവുമായിരിക്കണമെന്നത് ജനാധിപത്യത്തിന്റെ അടിത്തറയാണ്. അതിനേല് നടക്കുന്ന ഇടപെടലുകളാണ് ജനാധിപത്യത്തിന് നേരെയുള്ള ഭീഷണി എന്ന് എം.പി. ചൂണ്ടിക്കാട്ടി. “ഇത് ഇന്ത്യയിൽ മാത്രമല്ല, അമേരിക്കയിലും അതേവിധം അനുഭവപ്പെടുന്നു. അധികാരത്തിന്റെ കേന്ദ്രീകരണവും മാധ്യമങ്ങളെ നിയന്ത്രിക്കാനുള്ള ശ്രമങ്ങളും വർധിച്ചു വരുന്നു,” അദ്ദേഹം പറഞ്ഞു.

ആധുനിക കാലഘട്ടത്തിലെ മാധ്യമമാറ്റങ്ങളെ സംബന്ധിച്ച ചര്ച്ചകള് സമ്മേളനത്തില് ഏറെ പ്രസക്തമായിരുന്നുവെന്നും ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില് സമൂഹത്തിന് ആ മാറ്റങ്ങള് ഉള്ക്കൊള്ളാനുള്ള മാനസികാവസ്ഥ ഉണ്ടാകണമെന്നും ശ്രീകണ്ഠന് അഭിപ്രായപ്പെട്ടു.

മുപ്പത് വര്ഷം മുമ്പ് താനും മാധ്യമപ്രവര്ത്തകനായിരുന്നുവെന്നും പാര്ട്ടിയുടെ മുഖപത്രമായ വീക്ഷണം വഴിയാണ് പത്രപ്രവര്ത്തനത്തിലേക്ക് കടന്നതെന്നും പിന്നീട് മലയാള മനോരമയിലെ ഒറ്റപ്പാലം, പട്ടാമ്പി ബ്യൂറോകളില് ചീഫ് ആയി സേവനം അനുഷ്ഠിച്ചതായും അദ്ദേഹം പറഞ്ഞു. “അന്ന് വാര്ത്തകള് ശേഖരിക്കാന് ടെലിപ്രിന്റര് മാത്രമായിരുന്നു മാര്ഗം. ഇന്ന് ലൈന് ബുക്ക് ചെയ്താല് നാളെയാവും കണക്ഷന് കിട്ടുക, അപ്പോഴേക്കും വാര്ത്ത മരിച്ചിട്ടുണ്ടാകും,” എന്ന് പഴയ അനുഭവങ്ങള് അദ്ദേഹം ഓര്മ്മിപ്പിച്ചു.

ഇന്ന് പത്രപ്രവര്ത്തകര്ക്ക് മന്ത്രാലയങ്ങളിലും പാര്ലമെന്റിലുമൊക്കെ പ്രവേശനം നിഷേധിക്കുന്ന സാഹചര്യം നിലനില്ക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മാധ്യമസ്ഥാപനങ്ങള്ക്കെതിരെ റെയ്ഡ്, ഇഡി അന്വേഷണം, ഭീഷണി തുടങ്ങിയ ഭരണകൂട ഭീകരതകള് ജനാധിപത്യത്തിന്റെ ആത്മാവിനെ തന്നെ തകര്ക്കുന്നുവെന്നും രാജ്യത്തിന് നിലനില്ക്കാന് എല്ലാവര്ക്കും തുല്യ അവകാശവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തേണ്ടതുണ്ടെന്നും എം.പി. കൂട്ടിച്ചേര്ത്തു.

മാധ്യമ സമ്മേളനത്തില് മനോരമ ന്യൂസ് ടിവി ഡയറക്ടര് ജോണി ലൂക്കോസും പ്രസംഗിച്ചു. “ജനാധിപത്യം വെറുതെയുള്ള ഒരു ചെടിയല്ല, അത് നട്ടു വളര്ത്തേണ്ട ഒന്നാണ്. കാഴ്ചക്കാരായി നില്ക്കാതെ ജനങ്ങളും മാധ്യമങ്ങളും ജാഗ്രതയോടെ ഇടപെടണം,” അദ്ദേഹം പറഞ്ഞു. അമേരിക്കൻ മലയാളികൾക്ക് മലയാളത്തോടുള്ള അഭിമാനവും മാധ്യമങ്ങളോടുള്ള അടുപ്പവും അതിശയകരമാണെന്നും കേരളത്തിൻറെ ഭാഷയും ഭക്ഷണവും സംസ്കാരവും ഇവിടെയും അനുഭവപ്പെടുന്നുവെന്നും ജോണി ലൂക്കോസ് സന്തോഷം രേഖപ്പെടുത്തി.

ഐ.പി.സി.എൻ.എയുടെ അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം സംഘടനയുടെ വളർച്ചയും ഐക്യവും പ്രശംസിച്ചു. “കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക രംഗങ്ങളുമായി അമേരിക്കൻ മലയാളികൾക്ക് ബന്ധപ്പെടാനും ആശയവിനിമയം നടത്താനും അവസരം സൃഷ്ടിക്കുന്നത് ഐ.പി.സി.എൻ.എയാണ്,” അദ്ദേഹം പറഞ്ഞു. പ്രസിഡൻറ് സുനിൽ ട്രൈസ്റ്റാർ യുഎസിലെ മലയാളികൾ ആത്മാർത്ഥമായി, പലപ്പോഴും സ്വന്തം പോക്കറ്റിൽ നിന്നുള്ള ചെലവിൽ മാധ്യമപ്രവർത്തനം നടത്തുന്നതായി ചൂണ്ടിക്കാട്ടി.

സമ്മേളനത്തിൽ കുര്യൻ പാമ്പാടി, ലീൻ ജെസ്മാസ്, ഹാഷ്മി താജ് ഇബ്രാഹിം, സുജയ പാർവതി, അബ്ജോത് വർഗീസ്, മോത്തി രാജേഷ്, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആൻറണി, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ് എന്നിവർ പ്രസംഗിച്ചു. അനിൽ ആറന്മുള, ജോർജ് തുമ്പയിൽ എന്നിവർ എംസിമാരായിരുന്നു.

മുൻ പ്രസിഡന്റ് റെജി ജോർജിന്റെ ഭാര്യ എലിസബത്ത് ജോർജിനെയും മുതിർന്ന പത്രപ്രവർത്തകൻ ടി.ജെ.എസ് ജോർജിനെയും അനുസ്മരിച്ച് സമ്മേളനം ആരംഭിച്ചു. മാലിനി നായർ അവതരിപ്പിച്ച തെയ്യവുമായി ബന്ധപ്പെട്ട നൃത്തശില്പം ചടങ്ങിന് കലാത്മക ഭംഗി പകർന്നു.

ഷിജോ പൗലോസ് (ജനറൽ സെക്രട്ടറി), വിശാഖ് ചെറിയാൻ (ട്രഷറർ), രാജു പള്ളത്ത് (പ്രസിഡന്റ് ഇലക്ട്), അനിൽ ആറന്മുള (വൈസ് പ്രസിഡന്റ്), ആശാ മാത്യു (ജോയിന്റ് സെക്രട്ടറി), സജി എബ്രഹാം (കൺവൻഷൻ ചെയർ), ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്), സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ബിജു കിഴക്കേക്കുറ്റ്, ജോർജ് ജോസഫ്, മാത്യു വർഗീസ്, മധു കൊട്ടാരക്കര, വിൻസെന്റ് ഇമ്മാനുവൽ, താജ് മാത്യു, റെജി ജോർജ് എന്നിവർ നേതൃത്വം നൽകി.

ആശാ മാത്യു നന്ദി അറിയിച്ചു. ചടങ്ങിൽ പ്രസ് ക്ലബ് സുവനീർ വി.കെ. ശ്രീകണ്ഠൻ എം.പി. പ്രമോദ് നാരായണൻ എം.എൽ.എയ്ക്ക് കൈമാറി പ്രകാശനം ചെയ്തു. ചീഫ് എഡിറ്റർ മാത്യുക്കുട്ടി ഈശോയും സജി എബ്രഹാമും സംസാരിച്ചു.

സമ്മേളനത്തിനു ശേഷം മുൻ പ്രസിഡന്റ് മധു കൊട്ടാരക്കരയുടെ നേതൃത്വത്തിൽ മനോഹരമായ ഗാനമേളയും അരങ്ങേറി.

OCTOBER 2025 EDITION

ഇൻഡ്യാ പ്രസ് ക്ലബ് ന്യു ജേഴ്സി കോണ്ഫറന്സിന് എഡിസൺ ഷെറാട്ടണിൽ വ്യാഴാഴ്ച്ച തിരി തെളിയുന്നു




